ഉത്തരം

(എ) 1-4-1982-മുതലാണ് പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഇതു സംബന്ധമായ 23-9-1994-ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (എം. എസ്.) 283/94/ജി. എ. ഡി. ഇതോടൊപ്പം വയ്ക്കുന്നു.*

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സന്നദ്ധ സംഘടനകൾക്ക് അക്രിഡിറ്റേഷൻ നൽകുന്നത് സംബന്ധിച്ച്

38 (3228) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ സന്നദ്ധ സംഘടനകളുടെ പങ്ക് എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സംഘടനകൾക്ക് അക്രിഡിറ്റേഷൻ കൊടുക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ സംഘടനകളുടെ പ്രവർത്തനം വിലയിരുത്തി അവയെ തരംതിരിച്ച് അവയ്ക്ക് ഗ്രേഡ് നിശ്ചയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) എണ്ണം കാണക്കാക്കിയിട്ടില്ല.

(ബി-ഡി) സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ സന്നദ്ധ സംഘടനകൾ സജീവമായ പങ്ക് വഹിക്കുന്നുണ്ട്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യാനുള്ള നിയമം നിലവിലുണ്ട്. ഈ സംഘടനകളുടെ പ്രവർത്തനം വിലയിരുത്തുവാനുള്ള സമഗ്ര പഠനം നടത്തിയിട്ടില്ല. അവയെ തരംതിരിച്ച് ഗ്രേഡ് നിർണ്ണയിക്കുന്ന കാര്യം പരിഗണനയിലില്ല.

ഭവന നിർമ്മാണ ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവർ

39 (3229) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ എംപ്ലോയിമെന്റ് എക്സചേഞ്ച് വഴി നിയമനം ലഭിക്കുകയും വർഷങ്ങളായി സർവ്വീസിൽ തുടർന്നു പോരുകയും ചെയ്യുന്ന വരെ മാനുഷിക പരിഗണനവെച്ച് സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ ബഹു. മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് വിന്നിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly